(സി) നിലവിൽ സർവ്വകലാശാല രജിസ്ട്രാർ ഡോ. വി. ഐപ്പ് വർഗ്ഗീസ് മാത്രമാണ് സസ്പെൻഷനിൽ ഉള്ളത്. ഉത്തരക്കടലാസ് അച്ചടിയുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങിയതായി ഉയർന്ന ആരോപണത്തെ തുടർന്നാണ് സസ്പെന്റ് ചെയ്തത്.

(ഡി) ആരോഗ്യ സർവ്വകലാശാല നിലവിൽ വന്നതിനുശേഷം ഓരോ വർഷവും നിശ്ചയിച്ചിട്ടുള്ള അഫിലിയേഷനുമായി ബന്ധപ്പെട്ട ഫീസുകൾ കോടതി കേസ്സുകൾ നിലവിലുള്ളവ ഒഴികെ എല്ലാം ലഭിച്ചിട്ടുണ്ട്.

(ഇ) കേരള ആരോഗ്യ സർവ്വകലാശാലയുടെ സുഗമമായ നടത്തിപ്പിനും കറ്റമറ്റ പ്രവർത്തനങ്ങൾക്കുമായി സർക്കാർ കാലാകാലങ്ങളിൽ നിയമാനുസൃതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെയും മറ്റും കൃത്യമായ പരിശോധനകളും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങളും സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമവും സുതാര്യവും ആക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്.

എയിംസ് അനുവദിക്കുന്നതിനുള്ള നടപടി

115 (807) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കേരളത്തിന് ' എയിംസ് ' അനുവദിക്കുന്ന വിഷയത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പുമായി സഹകരിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പ് ആവശ്യപ്പെട്ടുകയും വിശദമായ വിലയിരുത്തലുകൾക്കുശേഷം താഴെപറയുന്ന നാല് പ്രദേശങ്ങൾ എയിംസ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിരുന്നു :

1. കോഴിക്കോട് ജില്ലയിലെ കിനാലൂർ കാന്തലാട് വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന ബാധ്യതകൾ ഒന്നും ഇല്ലാത്ത 154.43 ഏക്കർ സ്ഥലം
2. കോട്ടയം ജില്ലയിലെ ആർപ്പുക്കര, അതിരമ്പുഴ ബ്ലോക്കുകളിലായി ലഭ്യമായിട്ടുള്ള 194.85 ഏക്കർ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

3. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിൽ നെട്ടുകാൽത്തേരി യുറനസ് ജയിലിന് സമീപത്തായി ലഭ്യമായിട്ടുള്ള 263.45 ഏക്കർ സ്ഥലം

4. എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ 123.5 ഏക്കർ സ്ഥലം എന്നിവയാണ് നിലവിൽ 'എയിംസ് ' സ്ഥാപിക്കുന്നതിനായി യോജിച്ച പ്രദേശങ്ങളായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചിട്ടുള്ളത്.

ഈ നാല് പ്രദേശങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ ചെക്ക് ലിസ്റ്റായി തയ്യാറാക്കി നൽകുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നൽകിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ധർ അടങ്ങുന്ന സംഘം പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന് ബഹു. കേന്ദ്ര ആരോഗ്യ മന്ത്രി ബഹു. മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ഒല്ലൂർ വൈദ്യരത്നം കോളേജിലെ ജീവനക്കാരെ സെനറ്റിൽ ഉൾപ്പെടുത്തൽ

116 (808) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിലെ ജീവനക്കാരെ ആരോഗ്യ സർവ്വകലാശാല സെനറ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേരള ആരോഗ്യ സർവ്വകലാശാലയുടെ ആക്ടിലെ നാലാം അദ്ധ്യായം ഇരുപതാം വകുപ്പ് പ്രകാരം സെനറ്റിൽ എക്സ് ഒഫീഷ്യോ മെമ്പേഴ്സ്, നോമിനേറ്റഡ് മെമ്പേഴ്സ്, തിരഞ്ഞെടുക്കപ്പെടുന്ന മെമ്പേഴ്സ് എന്നിവർ ഉൾപ്പെടുന്നു. ഇതിൽ തെരഞ്ഞെടുക്കപ്പെടുന്ന മെമ്പേഴ്സിൽ ഒരു മെമ്പർ ഗവൺമെന്റ് ആയുർവേദ കോളേജുകളിലെ ടീച്ചർമാരിൽനിന്നും മറ്റൊരു മെമ്പർ അഫിലിയേറ്റഡ് പ്രൈവറ്റ് ആയുർവേദ & സിദ്ധ കോളേജുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടേണ്ടതാണ്. എയ്ഡഡ് കോളേജുകൾക്ക് പ്രത്യേക മണ്ഡലം ഇല്ലാത്തതിനാൽ അവയെ രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിലെ ജീവനക്കാരെ ആരോഗ്യ സർവ്വകലാശാല സെനറ്റിൽ ഉൾപ്പെടുത്തണമെങ്കിൽ കേരള ആരോഗ്യ സർവ്വകലാശാല ആക്ട് ഭേദഗതി വരുത്തേണ്ടതായുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly